സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

07/2014 ലെ ശമ്പള പരിഷ്ക്കരെണം - കുടിശ്ശിക തുകയ്ക്ക് പലിശ ലഭ്യമാക്കണമെന്ന കാരാണ്മ ജീവനക്കാരുടെ അപേക്ഷ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC No. 515/16/Est-I　　　　നന്തൻകോട്, 06/06/2019

---

പരാമർശം :- 1) 01-07-2016 ലെ മേൽ നമ്പർ ബോർഡുത്തരവ്.
2) 22-04-2017 ലെ G.O(P) 50/2017/Fin നമ്പർ ഉത്തരവ്.
3) C. No. 214 & 214 A നമ്പർ ഹർജികളിൽ ബഹു: ഓംബുഡ്സ്മാന്റെ 01-01-2019 ലെ ഉത്തരവ്.
4) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 08-03-2019 ലെ DA 9235/18/E-1 നമ്പർ റിമാർക്ക്സ്.
5) ദേവസ്വം കമ്മീഷണറുടെ 15-03-2019 ലെ ROC 3616/16/Est-A നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് 01-07-2014 മുതൽ മുൻകാല പ്രാബല്യത്തിൽ ശമ്പളപരിഷ്ക്കാരം അനുവദിച്ച് കൊണ്ടുള്ള പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 26 (1) അനുസരിച്ച് 01-07-2014 മുതൽ 31-01-2016 വരെയുള്ള ശമ്പള കുടിശ്ശികയുടെ 25 % തുക വീതം 01-04-2017, 01-10-2017, 01-04-2018, 01-10-2018 എന്നീ തീയതികളിൽ, അതത് തീയതികളിൽ പ്രൊവിഡന്റ് ഫണ്ടിന് അനുവാദമുള്ള നിരക്കിൽ പലിശ ഉൾപ്പെടെ ലഭിക്കാൻ ജീവനക്കാർക്ക് അർഹതയുണ്ട്. ജീവനക്കാരൻ മരണമടഞ്ഞാൽ ജീവനക്കാരൻ വാങ്ങിയിട്ടില്ലാത്ത ശമ്പള പരിഷ്ക്കാര കുടിശ്ശിക തുക, മരണ തീയതി വരെയുള്ള പലിശ സഹിതം നിയമാനുസൃത അവകാശികൾക്ക് ഒന്നായി നൽകാവുന്നതാണെന്നും നിർദ്ദേശിച്ചിരുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കാരാണ്മ ജീവനക്കാർ പ്രൊവിഡന്റ് ഫണ്ട് വരിക്കാരല്ലാത്തതിനാൽ, ടി വിഭാഗത്തിൽപ്പെട്ടവർക്ക് 01-07-2014 മുതൽ 31-01-2016 വരെയുള്ള ശമ്പള പരിഷ്ക്കാര കുടിശ്ശിക നാല് തുല്യ ഗഡുക്കളായി 01-04-2017, 01-10-2017, 01-04-2018, 01-10-2018 എന്നീ തീയതികളിൽ നൽകാവുന്നതാണെന്നും ജീവനക്കാരൻ മരണമടഞ്ഞാൽ, ജീവനക്കാരൻ വാങ്ങിയിട്ടില്ലാത്ത ശമ്പള പരിഷ്ക്കാര കുടിശ്ശിക തുക നിയമാനുസൃത അവകാശിക്ക് ഒന്നായി നൽകാവുന്നതാണെന്നും പരാമർശം 1 ഉത്തരവിൽ ഖണ്ഡിക 28(6) ൽ നിർദ്ദേശിച്ചിരുന്നു. പലിശ നൽകണമെന്ന നിർദ്ദേശം ഇല്ലായിരുന്നു.

.....2

മറ്റ് ജീവനക്കാർക്ക് അനുവദിച്ച ക്രമം കാരാണ്മ ജീവനക്കാർക്കും കുടിശ്ശിക തുകയ്ക്ക് പലിശ അനുവദിക്കണമെന്നും വിവരിച്ച് കാരാണ്മ ജീവനക്കാരായ ശ്രീ. വി.എസ്. ഹരികുമാർ മുതൽപേർ 02-11-2018 ൽ ബോർഡിൽ അപേക്ഷ സമർപ്പിച്ചു. ടി അപേക്ഷ ബോർഡിന്റെ പരിഗണനയിലിരിക്കെ കാരാണ്മ ജീവനക്കാരായ ശ്രീ. കെ. ബാബു നമ്പൂതിരി, ശ്രീ. വി.എസ്. ഹരികുമാർ മുതൽപേർ ഇതേ ആവശ്യം ഉന്നയിച്ച് ബഹു: ഓംബുഡ്സ്മാൻ മുമ്പാകെ ഹർജി ഫയൽ ചെയ്യുകയും, സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് ഇല്ലാതെ ജോലി നോക്കുന്ന ജീവനക്കാർക്ക് പലിശസഹിതമാണ് ശമ്പള കുടിശ്ശിക ആനുകൂല്യം സർക്കാർ നൽകിയിട്ടുള്ളതെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് കാരാണ്മ ജീവനക്കാർക്ക് ടി ആനുകൂല്യത്തിന് അർഹമായ പലിശ നൽകാതിരിക്കുന്നതിന് മതിയായ കാരണം കാണുന്നില്ലായെന്നും ആകയാൽ ഇക്കാര്യം പരിഗണിച്ച് ബോർഡ്തലത്തിൽ തീരുമാനമെടുക്കണമെന്നും ബഹു: ഓംബുഡ്സ്മാന്റെ നിർദ്ദേശം ലഭിച്ചു (പരാമർശം -3).

തുടർന്ന് ഈ വിഷയത്തിൽ ദേവസ്വം അക്കൗണ്ട്സ് ആഫീസർ, ദേവസ്വം കമ്മീഷണർ എന്നിവരുടെ അഭിപ്രായം (പരാമർശം 4, 5) ലഭിച്ചത് ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തു.

സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രോവിഡന്റ് ഫണ്ടിൽ അംഗത്വം എടുക്കുന്നതിന് നിയമപരമായ ബാദ്ധ്യത ഇല്ലാത്ത ജീവനക്കാർക്കും 07/2014 ലെ ശമ്പളപരിഷ്ക്കാര കുടിശ്ശികയ്ക്ക് പലിശ നൽകുന്നതിന് പരാമർശം 2 ഗവൺമെന്റ് ഉത്തരവിൽ അനുവദിച്ചിരുന്ന സാഹചര്യത്തിലും തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കാരാണ്മ ജീവനക്കാർക്കും മറ്റ് ജീവനക്കാർക്ക് നൽകിയ ക്രമം നാല് ഗഡുക്കളായി മാത്രമാണ് കുടിശ്ശിക നൽകിയതെന്ന വസ്തുത കണക്കിലെടുത്തും 07/2014 ലെ ശമ്പളപരിഷ്ക്കാര കുടിശ്ശികയ്ക്ക്, തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള മറ്റ് വിഭാഗം ജീവനക്കാർക്ക് നൽകിയ നിരക്കിലുള്ള പലിശ കാരാണ്മ ജീവനക്കാർക്കും നൽകുന്നതിന് അനുവദിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. തിരുവാഭരണം കമ്മീഷണർ
3. ചീഫ് എഞ്ചിനീയർ (ജനറൽ)
4. ചീഫ് എഞ്ചിനീയർ
5. ജോയിന്റ് ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്
6. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
7. ദേവസ്വം അക്കൗണ്ട്സ് ആഫീസർ

...3

8. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
9. ഡയറക്ടർ, സാംസ്കാരിക-പുരാവസ്തു വിഭാഗം
10. എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരുവനന്തപുരം
11. അസിസ്റ്റന്റ് ദേവസ്വം അക്കൗണ്ട്സ് ആഫീസർ, തിരുവനന്തപുരം
12. ലാ ആഫീസർ
13. ലെയ്സൺ ആഫീസർ, എറണാകുളം
14. ഇ.ഡി.പി. സെക്ഷൻ
15. എല്ലാ ആഫീസ് മേധാവികൾക്കും
16. സെക്ഷൻ ഫയൽ
17. ഫയൽ ബുക്ക്
18. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

Ragini S

അസിസ്റ്റന്റ് സെക്രട്ടറി

SK